# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **24** | **2022** |



**ശബരിമല പത്രക്കുറിപ്പ് – 2**

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

**അമിതവില: സന്നിധാനത്തും പമ്പയിലും കടകൾക്കെതിരെ നടപടിയെടുത്തു**

സന്നിധാനത്തും പമ്പയിലും സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് കച്ചവടം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്ത് ജില്ലാ ഭരണകൂടം. സന്നിധാനത്ത് പരാതിയുയർന്ന സ്ഥാപനങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് സജികുമാറിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി. സന്നിധാനത്തെ ജ്യൂസ് കട, പാത്രക്കട പാ ിത്താവളത്തിലെ ശ്രീഹരി ഭവൻ ഹോട്ടൽ എന്നിവയിൽ നിന്നും 5000 രൂപ പിഴ ഈടാക്കി. വ്യാപകമായ പരാതി ഉയർന്നതോടെയാണ് ഡ്യൂട്ടി മജിസ്ട്രേറ്റ് പരിശോധന നടത്തിയത്. ജ്യൂസ് കടയിൽ അളവിലും, ഗുണത്തിലും, വിലയിലും തട്ടിപ്പ് നടത്തിയതായി ക െ ത്തി. ഒരു നാരങ്ങ കൊ ് അഞ്ചിലധികം നാരങ്ങാ വെള്ളം എടുത്തായിരുന്നു വെട്ടിപ്പ്. 43 രൂപയുള്ള തണ്ണിമത്തൻ ജ്യൂസിന് 54 രൂപയാണ് വാങ്ങിയതായും ക െ ത്തി. വെട്ടിപ്പ് തുടർന്നാൽ കർശന നടപടി

ഉ ാകുമെന്ന താക്കീതും മജിസ്ട്രേറ്റ് നൽകി. 120 രൂപ തീരുമാനിച്ച പാത്രത്തിന് സന്നിദാനത്തിന് സമീപമുള്ള പാത്രക്കടയിൽ 150 രൂപയാണ് ഈടാക്കിയിരുന്നത്. കൊള്ളവില പരസ്യമായി എഴുതി വച്ചായിരുന്നു കച്ചവടം. ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കിയതിന് പാ ിത്താവളത്തിലെ ഹോട്ടലിനും പിഴയിട്ടു. രാവിലെ നടത്തിയ പരിശോധനയിൽ കടകളിൽ നിന്ന് പഴകിയ ഭക്ഷണസാധനങ്ങൾ പിടികൂടിയിരുന്നു. ഇവർക്ക് താക്കീത് നൽകി. താക്കീത് നൽകിയിട്ടും തട്ടിപ്പ് തുടർന്ന കടകൾക്കാണ് പിഴയിട്ടത്.

പമ്പയിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് ശ്രീജിത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്ത ആറ് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് പിഴയീടാക്കി. പമ്പയിൽ 10 വിഭാഗങ്ങളുടെ കീഴിലായി 10 സാനിറ്റേഷൻ സൂപ്പർവൈസർമാരും 305 വിശുദ്ധി സേനാംഗങ്ങളും ജോലിയിലു ്. റവന്യൂ, അളവുതൂക്കം, ഫുഡ് ആന്റ് സേഫ്റ്റി, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ നിന്നായി ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. കടകൾ, ഹോട്ടലുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി 175 സ്ഥാപനങ്ങളിൽ സ്ക്വാഡുകൾ പരിശോധന നടത്തി.

(പി.ആർ.ശബരി- 79)

**മണ്ഡല മകരവിളക്ക്: ശബരിമല എഡിഎം ആയി പി. വിഷ്ണുരാജിനെ നിയമിച്ചു**

മണ്ഡല മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി പി. വിഷ്ണുരാജ് ഐഎഎസിനെ ഈ സീസണിലെ ശബരിമല എഡിഎം ആയി നിയമിച്ചു. നിലവിൽ ഫോർട്ട് കൊച്ചി സബ്കളക്ടറാണ് വിഷ്ണുരാജ്. ശബരിമല, പമ്പ, നിലക്കൽ എന്നിവിടങ്ങളിലെ വിവിധ വകുപ്പുകളുടെ ഏകോപനച്ചുമതല ശബരിമല എഡിഎമ്മിനാണ്.

(പി.ആർ.ശബരി- 80)

**ഇന്നത്തെ ശബരിമല വിശേഷങ്ങൾ (25.11 2022)**
പുലർച്ചെ 2.30 മണിക്ക് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12.00ന് .... കളഭാഭിഷേകം
12.30ന് .... ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ.ശബരി– 81)

